# അസ്നാനുവേണ്ടി നാടൊരുമിച്ചു: ക്യാമ്പിൽ ആയിരങ്ങളെത്തി

**പടിയൂർ:** രക്താർബുദം ബാധിച്ച മൂന്നരവയസ്സുകാരനായ അസ്നാൻെറ ചികിത്സാർത്ഥം നടത്തിയ രക്തമൂലകോശദാന രജിസ്ട്രേഷൻ ക്യാമ്പിൽ ആയിരങ്ങളെത്തി. പഞ്ചായത്തിലെ ഏഴാംവാർഡിൽ താമസിക്കുന്ന ഊളക്കൽ അക്ബറിൻെറ മകൻ അസ്നാനുവേണ്ടിയായിരുന്നു ക്യാമ്പ് സംഘടിപ്പിച്ചത്.

രക്താർബുദം ബാധിച്ച കുരുന്നിൻെറ ജീവനുവേണ്ടി ജാതി,മത,രാഷ്ട്രീയഭേദമന്യേ നാടൊന്നാകെ കൈകോർത്തുകൊണ്ടായിരുന്നു ക്യാമ്പ്. ഞായറാഴ്ച എച്ച്.ഡി.പി.സമാജം സ്കൂളിൽ നടന്ന ക്യാമ്പിൽ രാവിലെ മുതൽ വൻ തിരക്കായിരുന്നു. 75 കൗണ്ടറുകളിൽ നൂറ്റമ്പതിലധികം വളണ്ടിയർമാർ ക്യാമ്പ് സുഗമമാക്കി. ധാത്രി ബ്ലഡ്സ്റ്റം സെൽ ഡോണർ റെജിസ്ട്രിയുടെ നേതൃത്വത്തിൽ നടന്ന ക്യാമ്പിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്നുള്ളവർ പങ്കാളികളായി. കെ.യു. അരുണൻ എം.എൽ.എ., ജില്ലാ പഞ്ചായത്തംഗം എൻ.കെ. ഉദയപ്രകാശ്, ബ്ലോക്ക്, ഗ്രാമപ്പഞ്ചായത്തംഗങ്ങൾ, രാഷ്ട്രീയ-സാമൂഹികരംഗത്തെ പ്രമുഖർ തുടങ്ങിയവർ ക്യാമ്പിനെത്തിയിരുന്നു. പഞ്ചായത്ത് പ്രസിഡൻറ് കെ.സി. ബിജു, കൺവീനർമാരായ അനൂപ് മാമ്പ്ര, കെ.വി. ഹരിഷ്, ജ്യഷിപാൽ കാവല്ലൂർ, കെ.പി. കണ്ണൻ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.



രക്താർബുദം ബാധിച്ച പടിയൂർ ഗ്രാമപ്പഞ്ചായത്തിലെ മൂന്നുവയസ്സുകാരനായ അസ്നാൻെറ ചികിത്സാർത്ഥം എച്ച്.ഡി.പി. സമാജം സ്കൂളിൽ നടത്തിയ രക്തമൂലകോശദാന രജിസ്ട്രേഷൻ ക്യാമ്പ്

ബ്ലഡ് ഡോണേഴ്സ് കേരള, മൈ ഇരിങ്ങാലക്കുട എന്നിവരുടെ സാങ്കേതിക സഹായത്തോടെയാണ് ക്യാമ്പ് നടത്തിയത്.

എടതിരിഞ്ഞി സർവീസ് സഹകരണബാങ്ക്, വിവിധ ക്ലബ്ബുകൾ, കുടുംബശ്രീ, ആശാ വർക്കർമാർ എന്നിവർ ക്യാമ്പിൽ പങ്കാളികളായി. നാലുവയസ്സുകാരന് മജ്ജ ദാനംചെയ്ത ക്രൈസ്റ്റ് കോളേജിലെ വിദ്യാർഥി എഡ്വിനെ ചടങ്ങിൽ ആദരിച്ചു.